എക്സ്ഗ്രേഷ്യയായി നൽകാനും ഉത്തരവായിട്ടുണ്ട്. ഇതിന് പുറമെ ക്ഷേമനിധി ചട്ടങ്ങൾ പ്രകാരമുള്ള വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ചില തെറ്റിദ്ധാരണകൾമൂലം കേരളത്തിലെ ചില അംഗൻവാടി ജീവനക്കാർ ഇതുമായി ബന്ധപ്പെട്ട് കോടതിയിൽ കൊടുത്ത കേസ്സിനെ തുടർന്ന് നിരവധി കേസ്സുകൾ തീർപ്പാക്കിയെങ്കിലും അന്തിമവിധി ഇപ്പോഴും ബഹുമാനപ്പെട്ട ഹൈക്കോടതി തീർപ്പാക്കിയിട്ടില്ലാത്തതിനാൽ ആ കേസ് നിലവിലുള്ളതുകൊണ്ടുമാത്രം സംസ്ഥാന ഗവൺമെന്റിന് ആയിരത്തിലധികം വരുന്ന അംഗൻവാടി ജീവനക്കാർക്ക് കൊടുക്കേണ്ടുന്ന പെൻഷൻ കൊടുക്കാൻ സാധിക്കാത്ത നിർഭാഗ്യകരമായ അവസ്ഥയാണുള്ളത്. ആ വിധി വരുന്ന മുറയ്ക്ക് ആയിരത്തിലധികം വരുന്ന സഹോദരിമാർക്ക് 500, 300 എന്നീ തോതിൽ പെൻഷൻ ലഭിക്കുന്നതാണ്.

(10) ദളിത് വിദ്യാർത്ഥിയെ മർദ്ദിച്ച പോലീസിനെതിരെ നടപടി

ശ്രീ. ജി. കാർത്തികേയൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്ലസ് വൺ-ന് പഠിക്കുന്ന ശരൺ എന്ന ദളിത് ബാലൻ അവധി ദിവസങ്ങളിൽ കൂലിവേലയ്ക്ക് പോയാണ് പഠിക്കുന്നത്. ആ പ്രദേശത്ത് ജൂലൈ 1-ന് വി.എസ്.ഡി.പി.യുടെ പ്രാദേശിക ഹർത്താലുണ്ടായിരുന്നു. ഹർത്താലിന് സ്കൂൾ അവധിയായതുകൊണ്ട് അന്നും ഈ പിഞ്ചുബാലൻ ജോലിക്ക് പോയി. മടങ്ങിവന്ന് വൈകുന്നേരം ജംഗ്ഷനിൽ നിൽക്കുമ്പോൾ ഹർത്താലുമായി ബന്ധപ്പെട്ട് ആളുകളെ പിടിക്കുന്നതിനുവേണ്ടി ഇറങ്ങിയ പോലീസ് കൂട്ടുകാരോടൊപ്പം നിന്ന ഈ ബാലൻ അടക്കമുള്ള ആളുകളെ വളരെ മൃഗീയമായി തല്ലി കേസ്സെടുത്ത് അറസ്റ്റുചെയ്തുകൊണ്ടുപോയി, ജയിലിലാക്കിയ ശേഷം മജിസ്ട്രേറ്റിന്റെ വീട്ടിൽ രാത്രി ഹാജരാക്കി. പ്രായപൂർത്തിയാകാത്തതുകൊണ്ട് മജിസ്ട്രേറ്റ് മാതാപിതാക്കളോടൊപ്പം ഈ കുട്ടിയെ പറഞ്ഞുവിട്ടു. വീണ്ടും കുറച്ചുദിവസം ഈ കുട്ടി സ്കൂളിൽ പോയി. പോലീസിൽ നിന്നുള്ള ഗുരുതരമായ മർദ്ദനത്തിന്റെ ഫലമായി ഈ വിദ്യാർത്ഥി സ്കൂളിൽ കുഴഞ്ഞുവീഴുകയും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. കഴിഞ്ഞ ഒരു മാസമായി അവധി ദിവസങ്ങളിൽ കൂലിവേല ചെയ്ത് ജീവിച്ചിരുന്ന വിദ്യാർത്ഥി, നെയ്യാറ്റിൻകര ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സയിലാണ്. ഒരുപാട് ആളുകളെ പോലീസ് സ്റ്റേഷനിൽവച്ചും പുറത്തുവച്ചും മൃഗീയമായി മർദ്ദിച്ച് കൊലപ്പെടുത്തിയിട്ടുള്ള കാട്ടാക്കട പോലീസ് സ്റ്റേഷനിലെ ചില ഉദ്യോഗസ്ഥ സംവിധാനമാണ് ഇത് ചെയ്തത്. അടിയന്തിരമായി ഈ കേസ്സ് അന്വേഷിക്കണം. ആരെയെങ്കിലും ട്രാൻസ്ഫർ ചെയ്തോയെന്ന് എനിക്ക് അറിയില്ല. ട്രാൻസ്ഫർ, അതൊരു നടപടിയല്ല. ഇതിന് നേതൃത്വം കൊടുത്ത പോലീസ് ഓഫീസറേയോ ഉദ്യോഗസ്ഥരെയോ അല്ലെങ്കിൽ പോലീസിന്റെ ഏതെങ്കിലും വിഭാഗമായാലും അവരുടെ പേരിൽ കർശനമായ നടപടികളെടുക്കണം, അതിനുള്ള സംവിധാനമുണ്ടാകണമെന്ന് ഞാൻ സഭയോടും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, വി.എസ്.ഡി.പി.-യുടെ ചെയർമാനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് വി.എസ്.ഡി.പി.-യുടെ ആഹ്വാന പ്രകാരം തിരുവനന്തപുരം ജില്ലയിൽ 1-7-2010-ന് ഒരു ഹർത്താൽ നടന്നിരുന്നു. ഹർത്താലിനോടനുബന്ധിച്ച് കാട്ടാക്കട ഡിപ്പോയിൽനിന്നും പോലീസ് സംരക്ഷണത്തോടെ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിവരവേ വൈകുന്നേരം കാട്ടാക്കട മൈലോട്ടുകുഴിക്കുസമീപം കരിക്കകത്തുമൂല എന്ന സ്ഥലത്തുവച്ച് കെ.എസ്.ആർ.ടി.സി. ബസ്സിനുനേരെ മൂന്നുപേർ ചേർന്ന് കല്ലെറിഞ്ഞ് ചില്ല് പൊട്ടിച്ചു. വാഹനത്തിന് സംരക്ഷണം നൽകിവന്ന കാട്ടാക്കട പോലീസ് സബ്ഇൻസ്പെക്ടർ ബസ്സിനുനേരെ കല്ലെറിഞ്ഞ ജോസ്, ശരൺ, സനൽകുമാർ എന്നിവരെ അറസ്റ്റ് ചെയ്തു. സ്റ്റേഷനിൽ കൊണ്ടുവന്ന് അവർക്കെതിരെ പൊതുമുതൽ നശിപ്പിച്ചതിന് 384/2010 നമ്പരായി ഒരു കേസ്സ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. പ്രതികളിലൊരാളായ ശരണിന് പതിനേഴ് വയസ്സുമാത്രമേയുള്ളൂ എന്നതിനാൽ ബഹുമാനപ്പെട്ട തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ മുമ്പാകെ ഹാജരാക്കുകയും കോടതി ശരണിനെ രക്ഷാകർത്താക്കളോടൊപ്പം വിട്ടയയ്ക്കുകയുമാണ് ചെയ്തത്. ശരണിനെ മർദ്ദിച്ചതായുള്ള ഒരു പരാതി ആ സമയത്തോ അതിനുശേഷമോ ലഭിച്ചിട്ടില്ല. കോടതിയുടെ മുമ്പിലും ഈ കാര്യം ആരും പറഞ്ഞിരുന്നില്ല. ഇതുസംബന്ധിച്ച് ശരണിന്റെ ഒരു പരാതി ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ആ പരാതി പരിശോധിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ആരുടെയെങ്കിലും ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(11) ട്രാഫിക് പോലീസ് സ്റ്റേഷൻ

ശ്രീ. കെ. ബാബു : സർ, കൊച്ചിയിലെ സിറ്റി ട്രാഫിക്കിന് രണ്ടു വിംഗാണുള്ളത്. ഒന്ന് എറണാകുളം വെസ്റ്റ്, മറ്റൊന്ന് എറണാകുളം ഈസ്റ്റ്. അതിൽ ഇടപ്പള്ളി യൂണിറ്റ് തൃപ്പൂണിത്തുറകൂടി ഉൾപ്പെടുന്ന പ്രദേശമാണ്. അതിനകത്ത് കൊച്ചിൻ കോർപ്പറേഷന്റെ ഏകദേശം നാലിലൊന്ന് ഭാഗവും തൃപ്പൂണിത്തുറ, തൃക്കാക്കര, കളമശ്ശേരി, ഏലൂർ, മരട് എന്നീ മുനിസിപ്പാലിറ്റികൾ ഉൾപ്പെടെ അനവധി പഞ്ചായത്തുകളും ഉൾക്കൊള്ളുന്നതുമാണ്. പക്ഷേ ആ ട്രാഫിക് യൂണിറ്റിൽ കേസ്സിന്റെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിനോ കേസ്സ് ചാർജ്ജ് കൊടുക്കുന്നതിനോ ഇന്ന് സംവിധാനമില്ല. ഇത് പ്രത്യേകം പണച്ചെലവുള്ള കാര്യമല്ല. അതുപോലെതന്നെ ഏറ്റവും കൂടുതൽ വാഹനങ്ങൾ റോഡിലിറങ്ങുന്ന നഗരം കൊച്ചി നഗരമാണ്. കണ്ടെയ്നർ ടെർമിനൽ കൂടി വരുന്നതോടെ കൊച്ചിയിലെ ഗതാഗതക്കുരുക്ക് വർദ്ധിക്കാൻ പോകുകയാണ്. 1980-ലോ മറ്റോ ആണ് ഇവിടത്തെ ട്രാഫിക് പോലീസിന്റെ സ്ട്രെങ്ത് ഫിക്സ് ചെയ്തത്. അപ്പോൾ ട്രാഫിക് പോലീസുകാരുടെ അപര്യാപ്തതയുണ്ട്. ഇടപ്പള്ളി ട്രാഫിക് യൂണിറ്റിന് സ്വന്തമായി കെട്ടിടമില്ല, രണ്ടുചെറിയ മുറികളിലാണ് ഈ യൂണിറ്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് പുതിയ കെട്ടിടം ആവശ്യമാണ്. കൊച്ചി നഗരത്തിലുണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly